# ശിവരാത്രി
## മാർച്ച് 4

കൂട്ടുകാർക്ക് ശിവരാത്രി യെക്കുറിച്ച് ഒരു ലഘു പരിചയം

ഹൈന്ദവമതവിശ്വാസികളുടെ ഒരു പ്രധാന ആഘോഷമാണ് ശിവരാത്രി. എല്ലാ വർഷവും കുംഭമാസത്തിലെ തിരുവോണം എന്ന നക്ഷത്ര ദിനത്തിൽ അമാവാസി ദിവസം ഇത് കൊണ്ടാടപ്പെടുന്നു. ഈ ആഘോഷത്തിനു പിന്നിൽ പാലാഴി മഥനവുമായി ബന്ധപ്പെട്ട ഒരു കഥയാണുള്ളത്. ജരാനര ബാധിച്ച ദേവൻമാരുടെ ആരോഗ്യം വീണ്ടെടുക്കുന്നതിനായി മന്ഥരപർവതത്തെ കടക്കോലും സർപ്പമുഖ്യനായ വാസുകിയെ കയറായും ഉപയോഗിച്ചു പാലാഴി കടയാനാരംഭിച്ചു.

അമരത്വം പ്രദാനം ചെയ്യുന്ന അമൃതിന് വേണ്ടിയായിരുന്നു അത്. എന്നാൽ കടച്ചിൽ പുരോഗമിച്ചപ്പോൾ സർപ്പമുഖ്യനായ വാസുകി കാളകൂടം എന്ന കഠോരവിഷം ഛർദിച്ചു. ഭൂമിയിൽ ഇത് പതിച്ചാലുണ്ടാകുന്ന ദുരന്തം മുന്നിൽകണ്ട് പരമശിവൻ അത് കുടിച്ചു. മഹാവിഷ്ണു വിഷം പുറത്തുവരാതിരിക്കാൻ വായ് പൊത്തിപ്പിടിക്കുകയും പാർവതി ദേവി ഉദരത്തിലേക്ക് വീഴാതിരിക്കാൻ കഴുത്ത് ഞെക്കിപ്പിടിക്കുകയും ചെയ്തു. അതിനാൽ കാളകൂടം കണ്ഠത്തിൽ തങ്ങി നിന്നു. മഹാ ദുരന്തം ഒഴിവായി. അങ്ങനെയാണ് പരമശിവന് നീലകണ്ഠൻ എന്ന പേരു വന്നത്. വിഷം കുടിച്ച പരമശിവന് അപായം സംഭവിക്കാതിരിക്കാൻ ഭാര്യയായ പർവതിദേവി ഉറക്കമിളച്ചു പ്രാർത്ഥിച്ച രാത്രിയാണ് ശിവരാത്രി. എന്നാണ് ഐതിഹ്യം.

അതിനാൽ ശിവക്ഷേത്രങ്ങളിൽ ഈ ദിവസം ആഘോഷപൂർവം കൊണ്ടാടുന്നു. ഭക്ഷണം ഉപേക്ഷിച്ച് കരിക്കിൻ വെള്ളം മാത്രം പാനം ചെയ്യുന്ന വ്രതമാണ് ശിവരാത്രിയിലെ പ്രധാന അനുഷ്ഠാനം. കൂടാതെ പ്രത്യേക പൂജകൾ, ശിവനാമഭജനകൾ എന്നിവയും ഉണ്ട്.

ഇന്ത്യയൊട്ടുക്കും ശിവരാത്രി ആഘോഷിക്കാറുണ്ട്. ശിവരാത്രി വ്രതം അനുഷ്ഠിക്കുന്നതുകൊണ്ട് മോക്ഷം ലഭിക്കുമെന്ന് ഭക്തർ വിശ്വസിക്കുന്നു. കേരളത്തിലെ ആലുവ ശിവക്ഷേത്രം, തൃശ്ശൂരിലെ വടക്കുംനാഥ ക്ഷേത്രം. എന്നിവിടങ്ങളിൽ ശിവരാത്രി പ്രാമുഖ്യത്തോടെ ആഘോഷിക്കപ്പെടുന്നു. ശിവരാത്രി ദിനത്തിൽ പുരുഷന്മാർ ക്ഷേത്രത്തിൽ ശയനപ്രദക്ഷിണം നടത്തുകയും സ്ത്രീകൾ പ്രദക്ഷിണം ചെയ്ത് ശിവഭഗവാനെ നമ്സകരിക്കുകയും ചെയ്യുന്നു. ദമ്പതികളുടെ ഐശ്വര്യത്തിനുള്ള വ്രതവും പിതൃക്കൾക്കു വേണ്ടിയുള്ള ബലിതർപ്പണവും ശിവരാത്രി ദിനത്തിൽ സവിശേഷമായി അനുഷ്ഠിക്കുന്നു. ശിവരാത്രിയോടനുബന്ധിച്ച് ആലുവയിൽ ശിവക്ഷേത്രം സ്ഥിതി ചെയ്യുന്ന പെരിയാർ തീരത്ത് നടക്കുന്ന പിതൃക്കൾക്കായുള്ള ബലിതർപ്പണമാണ് കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട അനുഷ്ഠാനം. ◈



◆◆ മലയാളത്തിലെ ആദ്യത്തെ ഓഡിയോ നോവൽ– ഇതാണെന്റെ പേര്